# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4664** **26.10.16** -ൽ മറുപടിക്ക്

## മണൽ സംസ്കരണം

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ സംസ്കരിച്ചെടുത്ത് സർക്കാർ തലത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം നൽകുമോ?

**മറുപടി**

മാത്യു ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചി, ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സിസ്റ്റം (ഐ.ബി.എസ്) ഉപയോഗിച്ച് പഠനം നടത്തി വരികയാണ്. ഇതിൻപ്രകാരം മലമ്പുഴ, പീച്ചി, കാഞ്ഞിരപ്പുഴ, മംഗലം, വാഴാനി, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, വാളയാർ, കുറ്റിയാടി, നെയ്യാർ, പഴശ്ശി, ശിരുവാണി എന്നീ അണക്കെട്ടുകളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

07/10/2015 – ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അണക്കെട്ടുകളിലെ മണൽ വാരൽ സംബന്ധിച്ച് യോഗം കൂടുകയുണ്ടായി. ആദ്യമായി ഡിസിൽറ്റിങ് പരീക്ഷണാടിസ്ഥാനത്തിൽ മംഗലം ഡാമിൽ നടത്തുവാൻ തീരുമാനിച്ചു. മണൽ വാരലിനും വേർതിരിക്കലിനുമുള്ള സാങ്കേതിക വിദ്യയുടെ ഒരു പ്രസന്റേഷൻ SILK (Steel Industries Kerala Ltd) നടത്തുകയുണ്ടായി. മംഗലം ഡാമിലെ എക്കലിന്റെ അളവും ഘടനയും കണക്കാക്കുവാൻ KERI-യെ ഏൽപ്പിച്ചു. ഡീസിൽറ്റിങ് സുഗമമായി നടപ്പാക്കുന്നതിനുള്ള Standard Operating Procedure (SOP) രൂപീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, SILK -നെ ഏൽപ്പിച്ചു. ഇതിന്റെ തുടർയോഗം 29/10/2015-ന് കൂടുകയുണ്ടായി. മുൻ യോഗ പ്രകാരം ഏൽപ്പിച്ച ചുമതലകൾ ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ